# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.112/PR/PIC/PHQ/18                                                                  Date : 29.04.2018

---

## കർണാടക ഇലക്ഷൻ - അതിർത്തി ജില്ലകളിൽ മുൻകരുതൽ നടപടികൾക്ക് നിർദ്ദേശം

മെയ് 12 ന് കർണാടക നിയമസഭയിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കർണാടകയുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കർണാടക ചീഫ് സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, ഡി.ജി.പി. എന്നിവരുമായി നടത്തിയ ചർച്ചകളെ തുടർന്നാണ് ഈ നിർദ്ദേശങ്ങൾ നൽകിയത്. അതിർത്തികളിൽ നിലവിലുള്ളതിന് പുറമേ കൂടുതൽ ചെക്ക്പോസ്റ്റുകൾ തുറക്കണം. വ്യാജമദ്യം, ആയുധങ്ങൾ തുടങ്ങിയവയുടെ നീക്കം തടയുന്നതിന് സ്വകാര്യവാഹനങ്ങളിലടക്കം ആവശ്യമായ പരിശോധന നടത്തണം. കള്ളനോട്ടും, വലിയതോതിൽ പണവും കടത്തുന്നതിനുള്ള ശ്രമങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. ഹോട്ടലുകൾ, ഗസ്റ്റ്ഹൗസുകൾ, ലോഡ്ജുകൾ എന്നിവയും അതീവ സുരക്ഷാമേഖലകളിലും ആവശ്യമായ നിരീക്ഷണം നടത്തണം. മാവോയിസ്റ്റ് നീക്കം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കെതിരെയും ജാഗ്രത പുലർത്തണം. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് അതിർത്തിയിലെ പോലീസ് സ്റ്റേഷനിലെ എസ് എച്ച് ഒ മാർ ആവശ്യമായ മുൻകരുതലെടുക്കണം. . വി ഐ പി സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർണാടക പോലീസുമായി ഏകോപിച്ച് പ്രവർത്തിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

***********